# തുടികൊട്ടും ചിലമ്പൊലിയും

## ഇടശ്ശേരി

പൂതപ്പാട്ട് എന്ന എന്റെ കൊച്ചുകൃതിയെ മുൻനിർത്തി എന്റെ ഓർമ്മയിൽ തങ്ങിനില്ക്കുന്ന ചില വസ്തുതകളെ ഇവിടെ പകർത്താൻ ശ്രമിക്കാം.

ആൾ ഇന്ത്യാറേഡിയോവിന്റെ കോഴിക്കോടു നിലയം ഒരു കവിത വായിക്കാനാവശ്യപ്പെട്ടു. എഴുതിയുണ്ടാക്കാൻ ധാരാളം സമയമുണ്ട്. അതേ കാരണംകൊണ്ടു തന്നെയാവണം ആ വസ്തുത ഏതാണ്ട് മറന്നിരുന്നു. അപ്പോഴാണ് 'സ്ക്രിപ്ട്' അയക്കാനുള്ള അറിയിപ്പ് എത്തുന്നത്. മനസ്സിന്റെ ശൂന്യതയിലേക്ക് കുറച്ചു പരിഭ്രമം മാത്രം കടന്നുവന്നു. എന്താണ് എഴുതേണ്ടത്? ബോധത്തിന്റെ തന്ത്രിയിൽ ഒരു താളസ്ഫുരണം പോലുമില്ല.

'എൻപുത്രിക്കാഭിജാത്യം തടവിന ധരണീപാലൻ' എന്നു തുടങ്ങുന്ന ഒരു പ്രസിദ്ധ ശ്ലോകമില്ലേ, എന്റെ കവനശ്രമത്തിന്റെ ചരിത്രം അതിൽ പറയുംപോലെയൊണ്. കലശലാണ് മോഹം. എഴുതാനിരിക്കുമ്പോൾ സമയം പോരാ, ഏകാഗ്രതയില്ല, പഠിച്ചതൊന്നും ഓർമ്മയില്ല, റഫർചെയ്യാൻ പുസ്തകങ്ങളില്ല, വികല്പമറ്റ പടങ്ങളില്ല, എന്തിന്, എഴുതിക്കഴിയുമ്പോൾ നമ്പൂതിരിപ്പാട് പറഞ്ഞതുപോലെതന്നെ 'ഒരു കന്നനാവും കലാശം.'

അസ്വസ്ഥനായി ഞാൻ തോട്ടത്തിൽ അലയുകയോ കടുംവെളിച്ചം കുത്തിയൊലിക്കുന്ന വയലിലേക്ക് നോക്കിനിൽക്കുകയോ ചെയ്തിരിക്കണം. വ്യക്തമോ ചലനവിധേയമോ ആയ ഒരു രൂപവും മനസ്സിൽ പതിഞ്ഞില്ല. ഹൃദ്യമായ ഒരു മനോരാജ്യംപോലും കയറിവരാത്ത മനസ്സ് എങ്ങിനെ സൃഷ്ട്യുന്മുഖമാവും? കർമ്മനിരതരായിരിക്കുമ്പോൾ നാം ശ്രദ്ധിക്കാത്തവയും ശ്രദ്ധിക്കാൻ തുടങ്ങിയാൽ ക്ഷുദ്രതകൊണ്ടു നിന്ദയോ വെറുപ്പോ മാത്രം ഉളവാക്കാൻ പോരുന്നവയുമായ ശബ്ദവിശേഷങ്ങൾ, പണിക്കാരുടെ ഞായങ്ങൾ, അയൽപക്കക്കാരുടെ കലഹങ്ങൾ, പച്ചക്കറിക്കച്ചവടക്കാരന്റെ മയറ്റലുകൾ ഇങ്ങനെ ചിലത് സവിശേഷ വൈരത്തോടുകൂടി അന്നും എന്നെ ആക്രമിച്ചിരിക്കണം. ഇതൊന്നും വളരെ വ്യക്തമായ ഓർമ്മയിൽ നിന്ന് നിരത്തുന്നതല്ല. ഒരു കാര്യം മാത്രമേ ഈ കൃതി കരുപ്പിടിപ്പിച്ച സന്ദർഭത്തെക്കുറിച്ച് ശരിക്ക് ഓർമ്മയുള്ളു. ഇത്തരം സൈരക്കേടുകൾക്കിടയിൽ ദൂരത്തുനിന്നു കേട്ട ഒരു തുടികൊട്ടലിന്റെ ശബ്ദം. ഒരു തെങ്ങിൻതോപ്പിലൂടെ നടക്കുമ്പോൾ ഉയരത്തിൽ എവിടെയോ ഇരുന്ന് ഓടുറച്ച തടിമേൽ മരംകൊത്തിയുണ്ടാക്കുന്ന മുഴങ്ങുന്നതും ഏകാന്തവും ആയ നാദംപോലെ ചക്രവാളത്തിൽനിന്നു പുറപ്പെട്ട ആ തുടികൊട്ടൽ ഒരു മുഖാവരണത്തോടുകൂടി ഇട മുറിഞ്ഞ് ഇട മുറിഞ്ഞ് കേൾക്കാൻ തുടങ്ങിയതോടെ മനസ്സ് ഉൽക്കണ്ഠിതമായി. ചുറ്റുപാടുമുള്ള അസ്വരങ്ങളിൽ നിന്ന് അത് ഉൾവലിയുകയും എന്തിനേയോ കുറിച്ച് ധ്യാനനിരതനാവാനുള്ള സ്വഭാവം കൈവരിക്കുകയും ചെയ്തു. പൂതത്തിന്റെ വരവാണ്. ചിരപരിചയംകൊണ്ട് ആ നാദം തിരിച്ചറിയാം. തനിയേ എന്റെ മനസ്സ് മന്ത്രിച്ചു, 'ഉണ്ണിയെ വേണോ, ഉണ്ണിയെ വേണോ' എന്ന്. അതിന്റെ തന്ത്രികൾ താളാത്മകമായിക്കഴിഞ്ഞിരുന്നു.ശൈശവം കൂടുതൽ ഭാവനാപൂർണ്ണവും സൃഷ്ടികർമ്മത്തിൽ ജാഗരൂകവുമാണല്ലൊ. അതുകൊണ്ട് ഒരിക്കൽ ശൈശവത്തിന്റേതായ അന്തരീക്ഷം കൈവരുമ്പോൾ കുറെ മണ്ണപ്പങ്ങൾ വാർത്തുവെക്കാതെ വയ്യ. ശൈശവത്തിന്റേതായ അന്തരീക്ഷം എന്ന് ഈ കൃതിയെ (പൂതപ്പാട്ട്) അനുസ്മരിക്കുമ്പോൾ പറയാൻ വിശേഷിച്ചും കാരണമുണ്ട്. ഈ കവിത എന്റെ തിരഞ്ഞെടുത്ത കൃതികളിൽച്ചേർത്ത് അച്ചടിച്ചപ്പോൾ പഴയ ധാരണ വെച്ചുകൊണ്ട് ഒരടിക്കുറിപ്പ് ചേർത്തിട്ടുണ്ട്. അതിവിടെ പകർത്തുന്നത് അനാവശ്യമായിരിക്കും. അതിൽ വിവരിച്ചപോലെ നമ്മുടെ നാട്ടിൻ പുറത്ത് ഈ നൂറ്റാണ്ടിന്റെ ആദ്യാർദ്ധത്തോടൊപ്പം വളർന്നുവന്ന ഒരു മനുഷ്യാത്മാവിന്ന് സ്വന്തം അയൽക്കാരെപ്പോലെതന്നെ പരിചിതരാണ് വിവിധ വേഷക്കാരും വിവിധസ്വഭാവക്കാരുമായ നിരവധി ദേവതകൾ. മനുഷ്യർ, തിര്യക്കുകൾ, സ്ഥാവരങ്ങൾ എന്ന ഭേദബുദ്ധി ഉറയ്ക്കുന്നതിനു മുമ്പ് സമഭാവനയോടെ എല്ലാറ്റിനോടും കൊഞ്ചുകയും കലഹിക്കുകയും ചെയ്യുന്ന ബാലമനസ്സ് അവയോടൊപ്പം ഇടയ്ക്കിടയ്ക്ക് കാണുന്ന പേക്കോലങ്ങളിലൂടെ സ്വന്തം മനസ്സിൽ അസ്തിത്വമുറച്ച ദേവതകളേയും ഒരു നടുക്കത്തോടുകൂടിയാണെങ്കിലും മനോരാജ്യമണ്ഡലത്തിൽ വാഴിച്ചുപോകുന്നുണ്ട്. അങ്ങിനെ പ്രപഞ്ചത്തിന്റെ അദൃശ്യാന്തരാളങ്ങളിലേക്കുകൂടി ആ ബാലഭാവന വളർന്നുവരുന്നു.

ഗൃഹമംഗലകാരകനായ പൂതവും അനുചരസംഘവും മുറ്റത്തുവന്ന് കളി കഴിഞ്ഞുനിൽക്കുമ്പോൾ അതിന്നുള്ള ഉപായനം കൊണ്ടുവന്നു വെക്കുകയായി. അതും കൊണ്ടുവരുന്ന അമ്മയുടെ മുമ്പിൽ അത്യുത്സാഹിയായ ഉണ്ണിക്കുട്ടനുമുണ്ട്. അവന്ന് പൂതത്തെ കണ്ടിട്ടും കണ്ടിട്ടും മതി വന്നിട്ടില്ല. കൗതുകം കൊണ്ട് അതിനെത്തന്നെ നോക്കിയും പേടികൊണ്ട് പിന്നോട്ടാഞ്ഞും അമ്മയുടെ ഉടുതുണിത്തുമ്പ് മുറുകെപ്പിടിച്ച് അവരെ മുമ്പോട്ടു നീങ്ങാൻ വയ്യാതാക്കിയും ആ കൊച്ചുവീരൻ നിൽക്കുമ്പോഴാണ് മൂത്തവർ ഈ ചോദ്യം എറിഞ്ഞുകൊടുക്കാറുള്ളത്. 'ഉണ്ണിയെ വേണോ, ഉണ്ണിയെ വേണോ' നിത്യനൂതനവും രസാവഹവുമായ ഒരു ദൃശ്യം.

അങ്ങനെ അതെന്റെ മനസ്സിൽ ഉണ്ടായിരുന്നു. എപ്പോഴെന്നറിഞ്ഞില്ല, വർണ്ണശബളതയോടെ അതവിടെ കയറിക്കൂടിയതാവണം, വ്യക്തമായ ഒരാകൃതിയുമില്ലാതെ. ഒരാശയമായിരുന്നവോ? അല്ല. ഒരു സങ്കല്പം എന്നു പറയാവുന്നതിലേറെ ഒരു സങ്കല്പത്തിന്റെ ജനനത്തിന്ന് അനുകൂലമായ സ്വഭാവവിശേഷത്തെ സൃഷ്ടിക്കുന്ന എന്തോ ഒന്ന് എന്നു പറയുകയാവും ഭേദം. അതിൽ നിന്ന് മാത്രമായി ഒന്നും മുളച്ചുണ്ടാവാനില്ല. മനസ്സ് അതിന്റ അടിക്കാട്ടു കുപ്പയിലേക്ക് പലതിനോടുമൊപ്പം തൂത്തെറിഞ്ഞ ഒരനുഭൂതി വിശേഷം അനുകൂലമായ കാലാവസ്ഥയും ഊർജ്ജ്വലമാകുന്ന ഇച്ഛാശക്തിയും കാത്ത് അവിടെ കിടന്നിരിക്കണം. അതിന്ന് തന്നിലേക്ക് കടന്നുവരുന്ന ബീജത്തെ ആധാനം ചെയ്വാനും പുനരുൽപ്പാദിപ്പിക്കാനും ശേഷിയുണ്ടായിരുന്നു. ആ ബീജാവാപമാകട്ടെ, ഒരു യാദൃച്ഛികസംഭവമായിരുന്നു.

കവിതയെഴുത്തിന് ഏറ്റവും അനുകൂലമായ ഒരു സാഹചര്യമാണ് കൈവന്നത്. എനിക്ക് എന്നിലേക്കുതന്നെ ഉൾവലിയാനും മനസ്സിന്റെ ചാരിയ വാതിലിന്നു പിന്നിലിരുന്ന് സ്വന്തം കുടുക്കയിലെ കക്കത്തൊണ്ടുകൾ വാരിയെടുത്ത് പല ആകൃതിയിലും നിരത്താനും തട്ടിക്കളയാനും വീണ്ടും വീണ്ടും ഇതൊക്കെ ആവർത്തിക്കാനും കഴിഞ്ഞു. എന്റെ ഇച്ഛയ്ക്കൊത്ത ഒരു പ്രപഞ്ചം ആസന്ന പ്രഭാതത്തിന്റേതുപോലുള്ള മൂടലിൽ മെല്ലെ മെല്ലെ രൂപപ്പെട്ടു വന്നു. അതോടൊപ്പം മറ്റൊരു പരിണാമംകൂടി

നടന്നിരുന്നു. അത് ഏറ്റവും പ്രാധാന്യമുള്ളതാണ്. കുട്ടിക്കാലത്ത് വാത്സല്യമസൃണമായ സ്വരത്തിലും ആധികാരികബോധത്തോടെയും നിരവധി കഥകൾ പറഞ്ഞുതന്ന ഒരു ജ്യേഷ്ഠത്തിയുണ്ട്. അവരുടെ ഈണങ്ങൾ എന്റെ മനസ്സ് സ്വായത്തമാക്കുകയായിരുന്നു. സൃഷ്ടിക്കാൻ പോകുന്ന കൊച്ചുലോകത്തിന്ന് അതിന്റെ അതിർവരമ്പുകൾ തെളിഞ്ഞു വരുന്നതോടുകൂടിത്തന്നെ വാവദൂകത കൂടി കൈവരുന്നത് ഒരു നല്ല ലക്ഷണമാണ്. അങ്ങനെ ശബ്ദശേഷിയുള്ള ഒരു വസ്തു. അസ്ഫുടതാള രൂപാത്മകമായ ഒന്ന്, ഉരുക്കൂടിക്കഴിഞ്ഞു.

മനസ്സ് ഉൽക്കണ്ഠാപൂർണ്ണവും ആശങ്കാമയവുമായ മുഹൂർത്തങ്ങളെ തരണംചെയ്യുകയാണ്. ഈ അവസരത്തിലാണ് ഞാൻ ഏറ്റവും അനുകമ്പ്യനാകത്തക്കവണ്ണം ദുശ്ശീലം കാണിക്കാറുള്ളത്. പലപ്പോഴും ഏകാന്തത ഭജ്ഞിക്കപ്പെടുന്നു. ജീവിതവൃത്തിയുടെ പല്ലൻചക്രങ്ങൾ മാംസത്തിൽ ആഞ്ഞിറങ്ങിക്കൊണ്ട് മുമ്പോട്ടു തിരിയുമ്പോൾ ഏറെ നേരം ധ്യാനനിരതനായിരിക്കാൻ വയ്യ. ദിവ്യതേജസ്സിനെ സാക്ഷാൽക്കരിക്കാൻ ഉൾത്തടം നിശ്ചലമാക്കുന്ന വഴിക്കുളത്തിന്ന് വിഴുപ്പുകെട്ടുമായി വരുന്ന അലക്കുകാരനെ വിലക്കാൻ അധികാരമില്ല. പക്ഷേ, ചിന്നിച്ചിതറുന്ന കൊച്ചോളത്തിൽ ആദിത്യമണ്ഡലത്തിന്റെ ക്ഷണിതപ്രതിഫലനനങ്ങളെ അനുസ്യൂതം വഹിച്ചുകൊണ്ട് കർമ്മവ്യഗ്രമായി അതങ്ങനെനിന്നു തിരിയും. പക്ഷേ, ഇത്തവണ മനസ്സ് വിഴുപ്പൊലുമ്പിക്കലങ്ങുന്നതിന്നു മുമ്പായി അതിൽ നിന്ന് ആദ്യഖണ്ഡിക 'കേട്ടിട്ടില്ലേ, തുടികൊട്ടും കലർന്നോട്ടു ചിലമ്പിൻ കലമ്പലുകൾ....' എന്നു തുടങ്ങുന്ന ആദ്യഖണ്ഡിക മുക്കിയെടുത്തുവെക്കാൻ കഴിഞ്ഞു.

വീണ്ടും ഞാനാകൃതി തുടർന്നെഴുതാനിരുന്നത് ഒരു രാത്രിക്കു ശേഷമാണ്. തലേദിവസത്തെ സങ്കല്പം തകർന്നുകഴിഞ്ഞു എന്നായിരുന്നു ധാരണ. ചോര വാരുന്ന പുത്തൻ മുറിവിൽനിന്ന് മുഗ്ധസങ്കല്പങ്ങളിലേക്ക് പറന്നുയരാനുള്ള മനുഷ്യമനസ്സിന്റെ കഴിവുകളിൽ എന്റെ വിശ്വാസം അത്രക്കൊന്നും അചഞ്ചലമല്ല. എന്നാലും എഴുതിവെച്ചിരുന്ന ആദ്യഖണ്ഡിക രണ്ടുമൂന്നു തവണ ഉരുവിട്ടതോടുകൂടിതന്നെ മനസ്സ് വികാരവത്താവുകയും ഒരു താളക്കുത്തിൽ വേഗം വേഗം എഴുതാൻ സാധിക്കുകയും ചെയ്തു. കേവലം ബുദ്ധിപരമായ വിഷമങ്ങളേ പിന്നെ നേരിട്ടിട്ടുള്ളു. ഒരു സന്ദർഭത്തെക്കുറിച്ചു പറയാം. സാമാന്യ വിവരണത്തോടു കൂടി പൂതത്തെ അവതരിപ്പിച്ചശേഷം എനിക്കു പറയാനുള്ള കഥ തുടങ്ങുന്നതിന്നുമുമ്പ് അതെങ്ങനെ വേണ്ടൂ എന്ന കാര്യത്തിൽ നല്ലവണ്ണം വിഷമിച്ചു. പദ്യമയമായ ഒരാഖ്യാനത്തിന്നിടയിൽ അതിന്റെ ഒഴുക്കിനെ തടഞ്ഞു വെച്ച് ഒരു ഗദ്യഖണ്ഡം എഴുതിച്ചേർക്കുക എന്നത് സാഹസമാവുമെന്നു തോന്നി. പക്ഷേ, നീളൻകവിതകൾ റേഡിയോവിൽ പ്രയോഗിക്കുമ്പോൾ ആവശ്യമെങ്കിൽ കവിക്ക് സ്വന്തമായി ഗദ്യാത്മകങ്ങളായ വിവരണങ്ങൾ കൊടുക്കാമെന്ന് അതിന്റെ അധികാരികൾ ഉപദേശിച്ചിരുന്നു. കാവ്യരചനാപന്ഥാവിൽ അത്രയ്ക്കൊന്നും കാലുറയ്ക്കാത്ത എനിക്ക് ആ ഉപദേശം പ്രായോഗികമാക്കുന്നത് ക്ലേശകരമായിത്തോന്നി. എങ്കിലും അതൊരു സൂത്രം തന്നെയാണെന്നു ബുദ്ധി ഉപദേശിച്ചു. വീണ്ടും കുറെ സ്വൈരക്കേടുകൾ: ഒടുവിൽ ഒരു പാപബോധത്തോടുകൂടി ഞാനതുചെയ്തു. അങ്ങനെ ആ കൃതിയിൽ അങ്ങിങ്ങു നിബന്ധിച്ചിട്ടുള്ള വാചകങ്ങളിൽ ആദ്യമായി എഴുതിയത് 'ഈ അസത്തു പൂത'ത്തിന്ന് എന്നു തുടങ്ങുന്ന വാചകമാണ്. പിന്നീടാണ് ഐക്യരൂപ്യത്തുന്നുവേണ്ടി കാവ്യാരംഭത്തിലും തുടർന്നു ഇടവിട്ടും എഴുതിച്ചേർത്ത വിവരണങ്ങൾ നിബന്ധിച്ചത്.

ഒരു കൃതി എഴുതിത്തീർത്ത ഉടനെ, അതു എത്രമാത്രം ഫലിച്ചു എന്നറിയേണ്ടതിലേയ്ക്കു രചയിതാവു തന്നെ വായിച്ചുനോക്കുന്നത് മിക്കവാറും നിഷ്ഫലവ്യായാമമാണ്. കടലാസിലേയ്ക്ക് പകർക്കപ്പെട്ട വരികളും കവിയുടെ ഭാവനയിൽ അപ്പോൾ നിലനില്ക്കുന്ന പൂർണ്ണരൂപവും ഒന്നാവണമെന്നില്ല. ഭാവനയിൽ ഉണ്ടായിരുന്ന അസംസ്കൃതവസ്തുവിൽനിന്ന് പലതും പോയ്ക്കഴിഞ്ഞിരിക്കുന്നു. തൽഫലമായി ഉണ്ടാകേണ്ട മിഴിവും ശോഭയും കിട്ടിക്കഴിഞ്ഞുവോ എന്ന് തൽസമയം മനസ്സിലാക്കാൻ വിഷമമുണ്ട്. പിന്നീട് എന്റേതെന്നു വിളിക്കപ്പെടുന്ന ഒരു കവിതാഖണ്ഡത്തെ മറ്റുള്ളവരെപ്പോലെ എനിക്കും പുറമെനിന്നു നോക്കിക്കാണണമെങ്കിൽ ആ കൃതി ഉടലെടുക്കാൻ അനുകൂലമായി എന്റെ സങ്കല്പത്തിലുണ്ടായിരുന്ന സാഹചര്യങ്ങൾ ഒട്ടൊന്നു മായാതെ വയ്യ. പക്ഷേ, ഈ കാരണം കൊണ്ടല്ല, പൂതപ്പാട്ട് എഴുതിക്കഴിഞ്ഞപ്പോൾ അതൊക്കെ ഒരാവൃത്തി വായിച്ചുനോക്കിക്കളയാമെന്നുപോലും എനിക്കു തോന്നാഞ്ഞത്. അതിനെക്കുറിച്ച് ഒരു പരാജയബോധമാണ് മുന്നിട്ടുനിന്നിരുന്നത്. ആണുങ്ങളെപ്പറ്റി ഇങ്ങനെ പറയാമെങ്കിൽ ഒരു ചാവുപിള്ളയെ പെറ്റ തള്ളയെപ്പോലെ ഞാനപ്പുറത്തേയ്ക്കു തിരിഞ്ഞുകിടന്നു; വ്യസനിക്കാൻപോലും വയ്യാതെ. ആ സുഖവും നിഷേധിക്കപ്പെട്ടു. എന്നെയും ചുമന്നു ഓടുന്ന ജീവിതക്ലേശത്തിന്റെ ബ്രേക്കില്ലാചക്രങ്ങൾ ഉരുളാൻ തുടങ്ങിയിരുന്നു.

ഇതിലിടക്ക് ഒരാൾ ഞാൻ തലങ്ങും വിലങ്ങുമായി കുറിച്ചിട്ടിരുന്ന കടലാസിൻകഷണങ്ങൾ പെറുക്കി നല്ല കടലാസിൽ അത് പകർത്തുവെച്ചിരുന്നു. ഘുണാക്ഷരന്യായത്തെ ഓർമ്മിപ്പിക്കുന്ന ആ കയ്പടയിൽ ഒരു നല്ല കവിതയ്ക്കും ജീവിക്കാൻ വയ്യ. അത്യാവശ്യമെന്നു തോന്നിയ തിരുത്തലുകൾ ചെയ്ത് ഞാനത് ആവതും മിനുസപ്പെട്ട കടലാസിൽ എന്റെ ഭംഗിയുള്ള കയ്യക്ഷരത്തിൽ പകർത്തെഴുതി. വായിച്ചു, വായിച്ചു പിന്നെയും വായിച്ചു. അത്യുല്പന്നു കിട്ടിയ പണംപോലെ ഞാനത്, ഒരായിരം തവണ തിട്ടപ്പെടുത്തി, പല കാരണങ്ങളിൽ: സമയക്ലപ്തി അറിയാൻ ഒരുതവണ, ശബ്ദഭംഗി പരിശോധിക്കാൻ ഒരു തവണ, ഭാവസ്ഫൂർത്തി വന്നുവോ എന്നു നോക്കാൻ മറ്റൊരു തവണ; വാസ്തവത്തിൽ എല്ലാ തവണയും സ്വന്തം സൗന്ദര്യം നോക്കിക്കാണാൻ. എല്ലാ തവണയും ഇത്തിരിപ്പൊട്ടു തൊടാനാണോ ഒരു പെൺകിടാവ് കണ്ണാടിക്കു മുമ്പിൽ സ്ഥിരതാമസമാക്കുന്നത്!

എന്നിട്ടും പ്രക്ഷേപണത്തിന്നു മുമ്പ് കവിതാമർമ്മജ്ഞനായ ആ ഉദ്യോഗസ്ഥന്റെ അടുത്തിരുന്ന് ഈ കവിത വായിക്കാൻ തുടങ്ങിയപ്പോൾ എന്റെ ആത്മവിശ്വാസത്തിന്റെ കഥ പരിതാപകരമായിരുന്നു!

മാതൃഭൂമി ആഴ്ചപ്പതിപ്പ് 1968 നവമ്പർ 24